# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

89

www.industry.kerala.gov.in

01 AUGUST 2025


# ലോകം മുഴുവൻ 'നന്മ' നിറയാൻ

## കേരള ബ്രാൻഡ് സ്റ്റേക്ക് ഹോൾഡേഴ്സ് വർക്ക്ഷോപ്പ്




കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ/ നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാരം കൊണ്ട് വരികയും, അതുവഴി ഈ ഉത്പന്നങ്ങൾ/ സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ ഉള്ള വിപണന സാധ്യത കൂട്ടുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയായ "കേരളാ ബ്രാൻഡി"ന്റെ സ്റ്റേക്ക് ഹോൾഡേഴ്സ് വർക്ക് ഷോപ്പ് 2025 ജൂലൈ 19 ന് എറണാകുളത്ത് സംഘടിപ്പിച്ചു. കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര നിലവാരം ഉറപ്പാക്കുന്ന 'കേരള ബ്രാൻഡ്" (നന്മ) പദ്ധതിയുടെ രൂപരേഖ വിപുലീകരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ശില്പശാല ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.), കിൻഫ്ര എന്നിവയുടെ സഹകരണത്തോടെയാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.

### കേരള ബ്രാൻഡ് (നന്മ) പദ്ധതി വിപുലീകരിക്കുന്നു: 10 പുതിയ ഉൽപ്പന്നങ്ങൾ കൂടി ഉൾപ്പെടുത്തി

കോവിഡാനന്തര കാലഘട്ടത്തിൽ മാറിമറിഞ്ഞ വ്യവസായ വാണിജ്യ സാദ്ധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്തികൊണ്ട് കേരളത്തിലെ മുഴുവൻ സംരംഭകരേയും ഉൾക്കൊള്ളുന്ന വ്യാവസായിക വളർച്ചയ്ക്ക് ഊന്നൽ നൽകേണ്ടതിന്റെ പ്രാധാന്യം ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു.

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ഉത്പന്നങ്ങൾക്ക് തനതായൊരു മേൽവിലാസം നൽകുകയാണ് 'കേരള ബ്രാൻഡ്" പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ വെളിച്ചെണ്ണയ്ക്ക് 'കേരള ബ്രാൻഡ്" സർട്ടിഫിക്കേഷൻ വിജയകരമായി നൽകിവരുന്നുണ്ട്. ഉത്തരവാദിത്തത്തോടെ നിർമിച്ച്, ഉയർന്ന ഗുണമേന്മ ഉറപ്പാക്കുന്ന സംസ്ഥാനത്തെ ഉത്പന്നങ്ങളെ ആഗോള വിപണിയിലേക്ക് എത്തിക്കുക എന്നതാണ് ഈ ബ്രാൻഡിംഗ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങളുടെ ആധികാരികതയും നിലവാരവും ഉറപ്പുനൽകുന്ന ഒരു സാക്ഷ്യപത്ര സംവിധാനവും ഇതിനൊപ്പമുണ്ട്. 'റൈസിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ പെർഫോമൻസ്" (RAMP) എന്ന കേന്ദ്ര പദ്ധതിയുടെ ഭാഗമായാണ് നിലവിൽ 'കേരള ബ്രാൻഡ്" പ്രവർത്തിക്കുന്നത്. 'ഒരു ജില്ല ഒരു ഉത്പന്നം' എന്ന പുതിയ പദ്ധതിക്ക് കീഴിൽ വയനാടൻ റോബസ്റ്റ കോഫി തിരഞ്ഞെടുക്കപ്പെട്ടു. ശിൽപ്പശാലയിൽ പത്ത് പുതിയ ഉത്പന്നങ്ങളെക്കൂടി 'കേരള ബ്രാൻഡ്" സർട്ടിഫിക്കേഷനായി തിരഞ്ഞെടുത്തിട്ടുണ്ട്.

**ഭക്ഷ്യവിഭാഗം:** കോഫി, ചായ, തേൻ, നെയ്യ്, പാക്കേജ്ഡ് കുടിവെള്ളം.

**ഭക്ഷ്യേതര വിഭാഗം:** പ്ലൈവുഡ്, പാദരക്ഷകൾ, പി.വി.സി പൈപ്പുകൾ, സർജിക്കൽ റബ്ബർ ഗ്ലൗസ്, കാലിത്തീറ്റ.

വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.; വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്.; അഡീഷണൽ ഡയറക്ടർ ശ്രീ. രാജീവ് ജി.; കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ആർ. ഹരി കൃഷ്ണൻ ഐ.ആർ.ടി.എസ്.; എം.എസ്.എം.ഇ – ഡി.എഫ്.ഒ തൃശൂർ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. മാർട്ടിൻ ചാക്കോ; വ്യവസായ വാണിജ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഷബീർ എം. എന്നിവർ ശിൽപ്പശാലയിൽ പങ്കെടുത്തു.

# ഭൗമ സൂചിക പദവിക്ക് പിന്നാലെ വയനാടൻ റോബസ്റ്റ കാപ്പിക്ക് ദേശീയ അംഗീകാരം



വയനാട്ടിലെ കാപ്പി കർഷകർക്ക് അഭിമാനമായി വയനാടൻ റോബസ്റ്റ കാപ്പിക്ക് ദേശീയ അംഗീകാരം. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിൽ 'വൺ ഡിസ്ട്രിക്ട് വൺ പ്രൊഡക്റ്റ്" പദ്ധതിയിലാണ് വയനാടൻ കാപ്പിക്ക് പ്രത്യേക പരാമർശം ലഭിച്ചത്. കൃഷി – എ വിഭാഗത്തിലാണ് റോബസ്റ്റ കാപ്പി അംഗീകരിക്കപ്പെട്ടത്. രാജ്യാന്തര വിപണിയിൽ ആവശ്യക്കാർ ഏറെയുള്ള വയനാടൻ റോബസ്റ്റ കാപ്പിക്ക് ഭൗമ സൂചിക പദവി ലഭിച്ചിട്ടുണ്ട്.




വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. വിഷ്ണുരാജ്. പി. ഐ. എ. എസ്., വയനാട് ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ (ഇൻ ചാർജ്ജ്) ശ്രീ. ബി. ഗോപകുമാർ; അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. അശ്വിൻ പി. കുമാർ. കെ. എ. എസ്. എന്നിവർ ന്യൂ ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി ശ്രീ. പീയുഷ് ഗോയലിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി.

# ഒരേ ദിവസം ഉദ്ഘാടനം ചെയ്തത് രണ്ടു സ്വകാര്യ വ്യവസായ പാർക്കുകൾ

കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം അഭിമാനകരമാം വിധം തുടരുകയാണ്. ഒരു ഭാഗത്ത് ഇൻവെസ്റ്റ് കേരളയോടനുബന്ധമായ വ്യവസായ നിക്ഷേപ താത്പര്യപത്രങ്ങൾ യാഥാർത്ഥ്യമാക്കുമ്പോൾ മറുഭാഗത്ത് സംരംഭക അന്തരീക്ഷം കെട്ടിപ്പടുക്കുകയാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്. 2025 ജൂലൈ 29 ന് 2 സ്വകാര്യ വ്യവസായ പാർക്കുകളാണ് കേരളത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ചത്.


പാലക്കാട് ജില്ലയിൽ 12.88 ഏക്കറിൽ അമ്പലപ്പാറയിൽ ആരംഭിച്ച ഹൈടെക് വ്യവസായ പാർക്ക് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവും കടമ്പൂർ ഇൻഡസ്ട്രിയൽ പാർക്കിന്റെ ഉദ്ഘാടനം ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയും നിർവഹിച്ചു. ഇതോടെ സംസ്ഥാന സർക്കാരിന്റെ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം പ്രകാരം സ്വകാര്യ സംരംഭകരുമായി സഹകരിച്ച് സംസ്ഥാനത്താകെ പത്തോളം സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രവർത്തനോദ്ഘാടനം നടന്നുകഴിഞ്ഞു.

കടമ്പൂർ വ്യവസായ പാർക്കിൽ 150 തൊഴിലാളികൾ പ്രവർത്തിക്കുകയും ഇവിടെ നിന്നുള്ള ഉൽപ്പന്നങ്ങൾ കയറ്റുമതി ഉൾപ്പെടെ ചെയ്യുകയും ചെയ്യുന്നു. 4 വ്യവസായ യൂണിറ്റുകളുമായിട്ടാണ് അമ്പലപ്പാറയിലെ ഹൈടെക് വ്യവസായ പാർക്ക് ആരംഭിക്കുന്നത്. നിർമ്മാണത്തിലിരിക്കുന്ന നാലാമത്തെ യൂണിറ്റ് കയറ്റുമതി ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകുന്നതാണ്. സ്വകാര്യ വ്യവസായ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാൽ അതിവേഗം ലൈസൻസുകളും മറ്റ് അനുബന്ധ സഹായങ്ങളും ലഭ്യമാക്കാൻ സാധിച്ചിരുന്നു.



## തൃശൂരിൽ ആലുക്കാസിന്റെ ഗോൾഡ് ടവർ ഒരുങ്ങുന്നത് കേരളത്തിലെ ഏറ്റവും ഉയരമുള്ള കെട്ടിടം

സംസ്ഥാനത്തെ ഏറ്റവും ഉയരമുള്ള കെട്ടിടം നിർമ്മിക്കാൻ പോവുകയാണ് ജോയ് ആലുക്കാസ് ഗ്രൂപ്പ്. തൃശൂരിലാണ് ജോയ് ആലുക്കാസ് ഗോൾഡ് ടവർ എന്ന പേരിൽ നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ഇതുമായി ബന്ധപ്പെട്ട താൽപര്യപത്രം ആലുക്കാസ് സമർപ്പിച്ചിരുന്നു. 189 മീറ്റർ ഉയരത്തിലാണ് തൃശൂരിൽ ആലുക്കാസിന്റെ കെട്ടിടം ഉയരുന്നത്. 49 നിലകളാണ് ആലുക്കാസിന്റെ ഗോൾഡ് ടവറിന് ഉണ്ടാവുക. 400 കോടി രൂപയാണ് ഈ പദ്ധതിയുടെ നിർമ്മാണച്ചിലവ് കണക്കാക്കുന്നത്. ഇത് കൂടാതെ ആയിരം കോടിയുടെ ആശുപത്രി നിർമ്മാണത്തിനുള്ള താൽപര്യപത്രവും നിക്ഷേപ സംഗമത്തിൽ ആലുക്കാസ് സമർപ്പിച്ചിട്ടുണ്ട്. അതിൽ ടവറിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.



ഇൻഡസ്ട്രി ഇനി ഇൻവെസ്റ്റ്

## കള്ളിയത്ത് ഗ്രൂപ്പിന്റെ 510 കോടി രൂപയുടെ 'പ്രൊജക്ട് ഗ്രീൻ കോർ' പദ്ധതിക്ക് തറക്കല്ലിട്ടു.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ 510 കോടി രൂപയുടെ താൽപര്യപത്രം ഒപ്പിട്ട കള്ളിയത്ത് ഗ്രൂപ്പ് പാലക്കാട് കഞ്ചിക്കോട് കിൻഫ്ര പാർക്കിൽ പുതുതായി ആരംഭിക്കുന്ന ബൃഹത്ത് നിക്ഷേപ പദ്ധതിക്ക് ബഹു. നിയമ വ്യവസായ കയർ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് തറക്കല്ലിട്ടു. 1000 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്നതാണ് 'പ്രൊജക്ട് ഗ്രീൻ കോർ' പദ്ധതി. ഒന്നാം ഘട്ടത്തിൽ 110 കോടി രൂപയുടെ നിക്ഷേപവും രണ്ടാം ഘട്ടത്തിൽ 400 കോടി രൂപയുടെ നിക്ഷേപവുമാണ് ഗ്രൂപ്പ് ലക്ഷ്യമിടുന്നത്. മാനുഫാക്ചറിങ് മേഖലയിലും കേരളത്തിന്റെ മുന്നേറ്റം സാധ്യമാകുന്നു എന്നതിന്റെ തെളിവ് കൂടിയാണ് ഈ പുതിയ പദ്ധതി. കേരളത്തിന്റെ ഇ എസ് ജി നയത്തിന് അനുയോജ്യമാം വിധത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്ന സാങ്കേതികവിദ്യകളാണ് കമ്പനി ഉപയോഗിക്കുന്നത്. ഒപ്പം നവീന സാങ്കേതിക വിദ്യകളെ മാനുഫാക്ചറിങ് രംഗത്ത് കൊണ്ടുവരാനും പ്രൊജക്ട് ഗ്രീൻ കോർ പദ്ധതിയിലൂടെ കള്ളിയത്ത് ഗ്രൂപ്പ് ശ്രമിക്കുകയാണ്. 15 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



## ഹ്യുണ്ടായ് - കൊച്ചി കപ്പൽശാല ധാരണാപത്രം 'ഇൻവെസ്റ്റ് കേരള'യുടെ വിജയം

കേരളം ആസ്ഥാനമായുള്ള കേന്ദ്ര പൊതുമേഖലാ കപ്പൽനിർമാണ കമ്പനിയായ കൊച്ചിൻ ഷിപ്പ്‌യാർഡ് വികസനത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് ചുവടുവയ്ക്കാനൊരുങ്ങുന്നു. ഇതിന്റെ ഭാഗമായി ലോകത്തിലെ ഏറ്റവും വലിയ കപ്പൽനിർമാണ ഗ്രൂപ്പുകളിലൊന്നായ എച്ച്ഡി കൊറിയ ഷിപ്പ് ബിൽഡിങ് ആൻഡ് ഓഫ്ഷോർ എൻജിനിയറിങ് കമ്പനി (കെഎസ്ഒഇ) യുമായി കൈകോർക്കുകയാണ് കൊച്ചിൻ ഷിപ്പ്‌യാർഡ്. ദക്ഷിണ കൊറിയയിലെ ഹ്യുണ്ടായ് ഗ്രൂപ്പിനു കീഴിലുള്ള സംരംഭമാണ് കെഎസ്ഒഇ. സഹകരണത്തിനായി ഇരുകൂട്ടരും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. കപ്പൽനിർമാണത്തിലും മാരിടൈം വികസനത്തിലും ലോകത്തെ ഏറ്റവും വലിയ ശക്തിയായ ഹ്യുണ്ടായിയുമായി ദീർഘകാല സഹകരണം ഉറപ്പാക്കുന്നതാണ് പദ്ധതി.



## PMFME വിജയഗാഥകൾ

പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി (പി.എം.എഫ്.എം.ഇ.) മലപ്പുറം ജില്ലയിലെ മാറഞ്ചേരി പഞ്ചായത്ത്, ജില്ല വ്യവസായ കേന്ദ്രത്തിന്റെയും ബാങ്ക് ഓഫ് ബറോഡ, എടപ്പാൾ ശാഖയുടെയും സഹകരണത്തോടെ ശ്രീ. മൊയ്തുണ്ണികുട്ടി, എന്ന സംരംഭകന്റെ ഉടമസ്ഥതയിൽ REALCO AGRO FOODS എന്ന സ്ഥാപനം 2025 ജൂലൈ 10 ന് പ്രവർത്തനം ആരംഭിച്ചു.

വെളിച്ചെണ്ണ, സ്പൈസസ് പൗഡർസ് തുടങ്ങിയ വിവിധ ഭക്ഷ്യ ഉത്പന്നങ്ങളാണ് നിലവാരമനുസരിച്ചുള്ള കൃത്യമായ ഗുണമേന്മ നിഷ്കർഷങ്ങളോടെ ഈ സംരംഭം മാർക്കറ്റിൽ എത്തിക്കുന്നത്. പി.എം.എഫ്.എം.ഇ. പദ്ധതി പ്രകാരം ബറോഡ ബാങ്കിന്റെ എടപ്പാൾ ശാഖയിൽ നിന്നും ₹7,88,000/- രൂപയാണ് ബാങ്ക് വായ്പയായി നേടിയത്. 2 പേർക്ക് തൊഴിൽ നൽകുന്ന സ്ഥാപനത്തിന്റെ ഉടമ കൂടിയാണ് ഇപ്പോൾ ശ്രീ. മൊയ്തുണ്ണികുട്ടി.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.